# കേരള കലാമണ്ഡലം കല്പിത സർവകലാശാല

## വള്ളത്തോൾ നഗർ

### എംഫിൽ, പി.എച്ച്ഡി (ഇന്റഗ്രേറ്റഡ്), ഡയറക്റ്റ് പി.എച്ച്ഡി, കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വിജ്ഞാപനം

കെ.കെ.എം.ഡി.യു/ഇ - 2/3952/2018 — തീയതി : 23/11/2018

കേരള കലാമണ്ഡലത്തിൽ 2018 - 19 അധ്യയനവർഷത്തിലെ ഗവേഷണ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

**A). Integrated M.Phil / Ph.D (Performing Arts)**

a. Dance
b. Kathakali
c. Kutiyattam
d. Thullal
e. Music (Vocal & Instrumental)
f. Vadyam
f. Comparative Performance Studies

**B). Integrated M.Phil / Ph.D (Cultural Studies)**

a. Literary Studies
b. Aesthetics
c. Comparative Literary Studies
d. Folkloristics
e. Kerala Culture
f. Fine Arts

**A). Direct Ph.D (Performing Arts)**

a. Dance
b. Kathakali
c. Kutiyattam
d. Thullal
e. Music (Vocal & Instrumental)
f. Vadyam
f. Comparative Performance Studies

**B). Direct Ph.D (Cultural Studies)**

a. Literary Studies
b. Aesthetics
c. Comparative Literary Studies
d. Folkloristics
e. Kerala Culture
f. Fine Arts

കേരള കലാമണ്ഡലം കല്പിതസർവകലാശാലയിൽ നിന്ന് എം.എ.യ്ക്ക് ബന്ധപ്പെട്ട വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലോ 55% മാർക്കും അല്ലെങ്കിൽ UGC 7 ഗ്രേഡ് പോയിന്റ് സ്കെയിലിലുള്ള കേരള കലാമണ്ഡലത്തിൽ നിന്നും CBCSS Programme- അനുസരിച്ചുള്ള ബി ഗ്രേഡ് നേടിയവർക്കും, സർവകലാശാല അംഗീകരിച്ച, ഇന്ത്യയിലേയോ, വിദേശത്തേയോ ഇതര സർവകലാശാലകളിൽ നിന്നും തത്തുല്ല്യയോഗ്യത നേടിയവർക്കും അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50% അല്ലെങ്കിൽ കലാമണ്ഡലം CBCSS Programme-ൽ സി+ ഗ്രേഡ് മതിയാകും. യോഗ്യതാപരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം, എന്നാൽ അഭിമുഖത്തിന് എത്തുമ്പോൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. പ്രവേശന പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷയുടെ വിഷയം 'ഗവേഷണ അഭിരുചിയും രീതി ശാസ്ത്രവും' ആയിരിക്കും. യു.ജി.സി.- ജെ.ആർ.എഫ്. യോഗ്യതയുള്ളവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. മറ്റുള്ളവർ പ്രവേശന പരീക്ഷ എഴുതുന്നതിന് മുമ്പ് ഫീസായ **500/-** രൂപ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരീക്ഷാ ഫീസിൽ ഇളവ് ഉണ്ടായിരിക്കുന്നതല്ല. ഈ ഫീസ് പരീക്ഷയുടെ 5 ദിവസം മുമ്പ് ഓഫീസിൽ നേരിട്ട് അടയ്ക്കേണ്ടതാണ്. ഇന്റഗ്രേറ്റഡ് എം.ഫിൽ./പി.എച്ച്ഡി. & ഡയറക്ട് പി.എച്ച്.ഡി. കോഴ്സിനുള്ള പരമാവധി പ്രായപരിധി **35** വയസ്സാണ്. പ്രവേശന പരീക്ഷ **2018 ഡിസംബർ 19** - ാം തീയതി രാവിലെ 11 മണിയ്ക്ക് കലാമണ്ഡലത്തിലെ പുതിയ ക്യാമ്പസ്സിൽ വെച്ച് നടത്തുന്നതാണ്. **50** മാർക്കിന് 2 മണിക്കൂർ ദൈർഘ്യമുള്ളതായിരിക്കും പരീക്ഷ. ഇന്റഗ്രേറ്റഡ് എം.ഫിൽ./പി.എച്ച്ഡി. കോഴ്സിന് **8** സീറ്റും, ഡയറക്ട് പി.എച്ച്ഡി കോഴ്സിന് **10** സീറ്റുകളുമാണ് ഉള്ളത്. സർവകലാശാല അംഗീകരിച്ചിട്ടുള്ള സംവരണ തത്വം പാലിക്കുന്നതാണ്. കലാമണ്ഡലം അംഗീകരിച്ചിട്ടുള്ള റിസർച്ച് ഗൈഡിന്റെ കീഴിലായിരിക്കണം ഗവേഷണം നടത്തേണ്ടത്. ഡയറക്ട് പി.എച്ച്.ഡി.യ്ക്ക് അപേക്ഷിക്കുന്നവർ ഗവേഷണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രബന്ധത്തിന്റെ സിനോപ്സിസ് 8 പകർപ്പ് (കുറഞ്ഞത് 8 പേജ്) ഡി.ടി.പി. ചെയ്ത് ഗൈഡിന്റെ അംഗീകാരത്തോടുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വിശദാംശങ്ങൾ **www.kalamandalam.org** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. മറ്റ് സർവ്വകലാശാലകളിലെ അപേക്ഷകർ ബിരുദാനന്തരബിരുദത്തിന്റെ തുല്യതയ്ക്കുവേണ്ടി സിലബസ്സ്, സ്കീം ഓഫ് എക്സാമിനേഷൻ, കോഴ്സിന്റെ കാലയളവ് എന്നിവയുടെ രേഖകൾ മേലാധികാരികൾ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷയും വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ക്റ്റസും പരീക്ഷാ ഫോറവും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് **(www.kalamandalam.org) 2018 നവംബർ 23** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോറവും കൂടി പൂരിപ്പിച്ച് നല്കേണ്ടതാണ്. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി എസ്.ബി.ഐ. ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **67271697264** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0070971)** ഗവേഷണ അപേക്ഷയ്ക്ക് **700/-** രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് **100/-** രൂപയും അടച്ച കൗണ്ടർ ഫോയിൽ **(account pay-in slip)** അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് അപേക്ഷാഫോമിന് **350/-** രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് **100/-** രൂപയും അടച്ചാൽ മതിയാകുന്നതാണ്. കൗണ്ടർ ഫോയിലിൽ അപേക്ഷകന്റെ പേര് ചേർത്തിരിക്കണം. കൗണ്ടർഫോയിൽ സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും മാർക്ക് ലിസ്റ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾനഗർ, തൃശ്ശൂർ - 679531** എന്ന വിലാസത്തിൽ **2018 ഡിസംബർ 11 - ാം തീയതി 5 മണിയ്ക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. [പ്രവേശനപരീക്ഷ ഫലപ്രഖ്യാപനം : **2018 ഡിസംബർ 27**, അഭിമുഖ പരീക്ഷ: **2019 ജനുവരി 3 & 4**, റാങ്ക്ലിസ്ററ് പ്രസിദ്ധീകരണം : **2019 ജനുവരി 05**, പ്രവേശന തിയതി : **2019 ജനുവരി 9**]. മേൽ പറഞ്ഞ തീയതികളിൽ മാറ്റമില്ലാത്തപക്ഷം അറിയിപ്പുകൾ നൽകുന്നതല്ല.

Sd/-

**രജിസ്ട്രാർ**
**കേരള കലാമണ്ഡലം**